റോഡിൽ 19.50 ലക്ഷം രൂപയും ദേശീയപാത ബേംകട്ട് ചെയ്യുന്നതിനായി 2.65 ലക്ഷം രൂപയും നൽകുകയുണ്ടായി. ദേശീയപാത കുറുകെ കട്ട് ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പൈപ്പ്ലൈൻ സ്ഥാപിച്ച് കഴിഞ്ഞാൽ വർക്കല മുനിസിപ്പാലിറ്റിയിലും അതിന്റെ സമീപ പ്രദേശങ്ങളിലും ഒറ്റൂർ, മണമ്പൂർ, ഇടവ, ഇലകമൺ, നാവായിക്കുളം പഞ്ചായത്തുകളിലും ഇപ്പോൾ ഉണ്ടായിട്ടുള്ള കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും.

അങ്കമാലി മാഞ്ഞാലി തോടിന്റെ കൈവരി തോട്ടുകളുടെ ശോചനീയാവസ്ഥ

198 (4484) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ജലസേചനത്തിന് മുഖ്യ പങ്ക് വഹിക്കുന്ന അങ്കമാലി മഞ്ഞാലി തോടിന്റെ കൈവരി തോട്ടുകളായ മുകന്തൂർ തോട്, കുറുകുറ്റി തോട്, മുന്നതോട് തുടങ്ങിയവയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾ നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്താനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

1. അങ്കമാലി-മാഞ്ഞാലി തോടിന്റെ കൈവരികളായ മൂക്കന്നൂർ, കുറുകുറ്റി തോട്ടുകളുടെ നവീകരണം - 2170 ലക്ഷം രൂപ

2. അങ്കമാലി-മാഞ്ഞാലി തോടിന്റെ കൈവരിയായ നായത്തോടിന്റെ നവീകരണം - 670 ലക്ഷം രൂപ.

സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുടിവെള്ളം

199 (4485) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന കുടിവെള്ളം മലിനമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജല അതോറിറ്റിയുടെ ലബോറട്ടറിയിൽ സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുടിവെള്ളം പരിശോധനക്ക് വിധേയമാക്കാറുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ ഏതെല്ലാം സ്ഥാപനങ്ങൾ വിതരണം ചെയ്ത കുടിവെള്ളം പരിശോധിച്ചു; അവയുടെ ഗുണനിലവാരം എപ്രകാരമായിരുന്നു; വിശദമാക്കുമോ;

(ഇ) ഗുണനിലവാരം ഇല്ലാത്ത കുടിവെള്ളം കണ്ടെത്തിയെങ്കിൽ അവ വിതരണം ചെയ്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ജി) കുപ്പിയിലടച്ച് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് കേന്ദ്ര ആരോഗ്യ മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം വിശദമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും വിതരണം നടത്തുന്നതിന് മുന്നോടിയായി കുടിവെള്ള സാമ്പിളുകൾ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ലാബുകളിൽ നൽകാറുണ്ട്.

(ഡി) വിശദവിവരം അനുബന്ധത്തിൽ* നൽകിയിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്

(എഫ്) സംസ്ഥാനത്ത് കുപ്പിയിലടച്ച കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. ബാധകമാക്കിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ ജില്ലാകളക്ടർ ചെയർമാനായ ജില്ലാതല ഇവാല്യുവേഷൻ കമ്മിറ്റിയുടെ ശിപാർശയോടെ സംസ്ഥാന ഭൂജല അതോറിറ്റിക്ക് നൽകുകയും സംസ്ഥാന ഭൂജല അതോറിറ്റി അനുയോജ്യമായ തീരുമാനം എടുക്കുകയും ചെയ്യുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കേന്ദ്ര ഭൂജല ബോർഡ്, വ്യവസായ വകുപ്പ് പ്രതിനിധി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ ഈ കമ്മിറ്റികളിൽ അംഗങ്ങളാണ്. ആയതിനാൽ ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നു. അമിതജല ചൂഷണം ഒഴിവാക്കിയും ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കിയും പരിസ്ഥിതി മലിനീകരണം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചാണ് ഇത്തരം എൻ.ഒ.സി. നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റ് രീതിയിൽ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന വ്യവസ്ഥകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ജി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ വികസന അജണ്ട

200 (4486) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയുടെ വികസന അജണ്ട നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

കേരള വാട്ടർ അതോറിറ്റി 273 -ൽ പരം പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 154 പദ്ധതികൾ മിഷൻ 676 - ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. ഈ 154 പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി സംസ്ഥാനത്തെ 83 ലക്ഷം ജനങ്ങൾക്ക് കൂടി അധികമായി ശുദ്ധജലം എത്തിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു; സ്ഥലത്തിന്റെയും സ്രോതസ്സിന്റെയും ഫണ്ടിന്റെയും ലഭ്യത അനുസരിച്ച് കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് 2030 ഓടെ എല്ലാവർക്കും എല്ലായ്പ്പോഴും ശുദ്ധജലം എത്തിക്കുവാൻ കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നു.

ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കൂടുതൽ സുതാര്യവും വേഗത്തിലും ആക്കുന്നതിനായി ഇ - ടെണ്ടറിംഗ് സമ്പ്രദായം ഏർപ്പെടുത്തിയും പദ്ധതികളുടെ പ്രധാന ഘടകങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്തുകളുമായി ആലോചിച്ച് അവ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഇപ്പോൾ ശ്രുപം നൽകിയിട്ടുള്ള പൈപ്പ് പോളിസിയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി പഴകിയതും ഉപയോഗശൂന്യവുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതുവഴി നിരന്തരമുള്ള പൈപ്പ്പൊട്ടൽ, ചോർച്ച മൂലമുള്ള ജലനഷ്ടം പരിഹരിക്കുവാനും ശുദ്ധജലവിതരണം കൂടുതൽ മെച്ചപ്പെടുത്തുവാനും ലക്ഷ്യമിടുന്നു. കൂടാതെ ജലസ്രോതസ്സുകൾ പുനരുദ്ധരിച്ചും, പഴയതും ഉപയോഗശൂന്യവുമായ പമ്പുകൾ, മോട്ടോറുകൾ എന്നിവ മാറ്റി സ്ഥാപിച്ചും ശുദ്ധജലവിതരണം സുഗമമാക്കുന്നതാണ്. ജല അതോറിറ്റിയുടെ സേവനം ജനങ്ങളിലേയ്ക്ക് ഏറ്റവും സൗകര്യമായ രീതിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ പോസ്റ്റ് ഓഫീസ്, ബാങ്ക്, ജനസേവന, അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം പണമടയ്ക്കാനുള്ള സൗകര്യം കൂടുതൽ വ്യാപിപ്പിക്കുന്നതും വിപുലീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly